## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 763 — 28.02.2018-ലെ മറുപടി

# മരട് നഗരസഭയിലെ കടിവെള്ള വിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.സ്വരാജ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് നഗരസഭയിലെ കടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി അനുമതി നൽകിയിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) | പ്രസ്തുത പദ്ധതിക്ക് 2316 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. <br><br> ശരാശരി ഉപഭോഗം 150 എൽ.പി.സി.ഡി. ആയി കണക്കാക്കി 2050 ൽ 17 ദശലക്ഷം ലിറ്റർ വെള്ളം പ്രതിദിനം വിതരണം ചെയ്യത്തക്കവിധം, പൈപ്പ് പോളിസിക്കനുസൃതമായിട്ടാണ് വിതരണ ശൃംഖല രൂപകല്പന ചെയ്തിട്ടുള്ളത്. ഏകദേശം 60 കി.മി പൈപ്പ് ലൈനുകളാണ് മാറ്റി സ്ഥാപിക്കുന്നത്. നിലവിലുള്ള ഉപയോഗയോഗ്യമായ പൈപ്പ് ലൈനുകളും റോഡ് റെസ്റ്റൊറേഷൻ ചാർജ്ജുകളും കൂടി പരിഗണിച്ചുകൊണ്ടാണ് കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ? | (ബി) | PWD NH ടാറിങ്ങ് പ്രവൃത്തികൾക്ക് മുൻപായി തീർക്കേണ്ട 3 കി.മീറ്റർ പൈപ്പ് ലൈനുകൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? <br><br> (ഡി) എന്നത്തേക്ക് ഈ പദ്ധതി പൂർത്തീകരിക്കും എന്ന് അറിയിക്കുമോ? | (സി) & (ഡി) | PWD, NH മുൻസിപ്പാലിറ്റി അധികൃതരിൽ നിന്നും യഥാസമയം റോഡ് മുറിക്കാൻ അനുമതി ലഭ്യമാക്കി ഈ പ്രവൃത്തികൾ 2019 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ